"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ജില്ലാ വനിതാ ക്ഷേമ ഓഫീസർ തസ്തികയുടെ പൂർണ്ണ അധികച്ചുമതല - ശ്രീമതി സഫിയ ബീവി, ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ല്യു.ഡി)-ക്ക് അധികച്ചുമതലാബത്ത അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1836/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 26.08.2019.**

പരാമർശം: 1) 26.04.2018-ലെ ഗ്രാമവികസന കമ്മീഷണറുടെ 16821/എസ്റ്റാ.ഡി3/2016/സിആർഡി നമ്പർ കത്ത്.

2) സ.ഉ.(സാധാ)നം.3073/2018/തസ്വഭവ തീയതി 04.12.2018

**ഉത്തരവ്**

ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ല്യു.ഡി) ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി സഫിയ ബീവിക്ക്, 11.08.2015 മുതൽ 14.02.2016 വരെ ജില്ലാ വനിതാ ക്ഷേമ ഓഫീസറുടെ അധികച്ചുമതല നല്കിയ ഇടുക്കി ജില്ലാ കളക്ടറുടെ നടപടിയും, 27.06.2016 മുതൽ 13.07.2016 വരെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം)-ന്റെ അധികച്ചുമതല നല്കിയ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ നടപടിയും, പരാമർശം (2) ഉത്തരവ് പ്രകാരം സാധൂകരണം നൽകിയിരുന്നു. മേൽ കാലയളവിലേക്ക് ശ്രീമതി സഫിയ ബീവിക്ക് അധികച്ചുമതലാബത്ത അനുവദിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ല്യു.ഡി) ആയിരുന്ന ശ്രീമതി സഫിയ ബീവിക്ക് ജില്ലാ വനിതാ ക്ഷേമ ഓഫീസർ തസ്തികയുടെ അധികച്ചുമതല വഹിച്ചതുമായി ബന്ധപ്പെട്ട് കെ.എസ്.ആർ ഭാഗം-I, ചട്ടം 53 A II (c), 53 (c) എന്നിവ പ്രകാരം, അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ (pre-revised) മിനിമത്തിന്റെ 6% എന്ന നിരക്കിൽ, 12.08.2015 മുതൽ പരമാവധി 3 മാസകാലയളവിലേയ്ക്ക് ചാർജ് അലവൻസ് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

3. അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം)-ന്റെ അധികച്ചുമതല വഹിച്ച കാലയളവിൽ 13 പ്രവർത്തി ദിവസങ്ങൾ മാത്രമേ ഉള്ളൂവെന്നതിനാൽ, കെ.എസ്.ആർ ഭാഗം-I, ചട്ടം 53 (c) പ്രകാരം പ്രസ്തുത കാലയളവിൽ ശ്രീമതി സഫിയാ ബീവിക്ക് ചാർജ് അലവൻസിന് അർഹതയില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീമതി സഫിയ ബീവി, ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ല്യു.ഡി), ഇടുക്കി.

(ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ